"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാല(കുഫോസ്) - ശമ്പളം, ടിഎ, മറ്റ് ആകസ്മിക ചെലവുകൾ 2023-24 - 2023 ഡിസംബർ മാസത്തെ ഗഡു- റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1040/2023/F&P തീയതി,തിരുവനന്തപുരം, 30-12-2023

പരാമർശം:-
1. 29.04.2023 ലെ സ.ഉ.(സാധാ)നം.341/2023/മതുവ
2. 30.05.2023 ലെ സ.ഉ.(സാധാ)നം.429/2023/മതുവ
3. 27.06.2023 ലെ സ.ഉ.(സാധാ)നം.518/2023/മതുവ
4. 31.07.2023 ലെ സ.ഉ.(സാധാ)നം.619/2023/മതുവ
5. 22.08.2023 ലെ സ.ഉ.(സാധാ)നം.669/2023/മതുവ
6. 22.08.2023 ലെ സ.ഉ.(സാധാ)നം.804/2023/മതുവ
7. 01.11.2023 ലെ സ.ഉ.(സാധാ)നം.869/2023/മതുവ
8. 25.11.2023 ലെ സ.ഉ.(സാധാ)നം.934/2023/മതുവ
9. കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാല രജിസ്ട്രാറുടെ 28.11.2023 തീയതിയിലെ ഫിൻ4/2933/2023 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം "2405-00-188-99-31(NP)-Grant in Aid-General-Salary"ശീർഷകത്തിൽ വകയിരുത്തിയ 1665.40 ലക്ഷം രൂപ രുപയിൽ നിന്നും ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 2023 ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ ഗഡുവായി 1110.2645 ലക്ഷം രൂപ പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു. ശേഷിക്കുന്ന ബജറ്റ് വിഹിതത്തിൽ നിന്ന് ഡിസംബർ മാസത്തെ ശമ്പളം, ടി.എ, മറ്റ് ആകസ്മിക ചെലവുകൾ എന്നീ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 138.783 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കുഫോസ് രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം "2405-00-188-99-31(NP)-Grant in Aid-General-Salary"ശീർഷകത്തിൽ വകയിരുത്തിയ 1665.40 ലക്ഷം രൂപ രുപയിൽ നിന്നും ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 2023 ഡിസംബർ മാസത്തെ ഗഡുവായി **138.783 ലക്ഷം രൂപ (ഒരു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി മുന്നൂറു രൂപ മാത്രം)** താഴെ

പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഫണ്ട് ബാങ്കിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.
2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. യാതൊരു കാരണവശാലും വക മാറ്റിച്ചെലവഴിക്കാൻ പാടില്ല.
3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. **09/12/2008** തീയതിയിലെ സർക്കുലർ നം. **84/2008**/ധന, **29/08/2009** തീയതിയിലെ സർക്കുലർ നം. **75/2009**/ധന, **04/01/2021** തീയതിയിലെ സർക്കുലർ നം. **01/2021**/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SIVADAS B**

അണ്ടർ സെക്രട്ടറി

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി-**682506.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
അഡീഷണൽ സബ് ട്രഷറി ഓഫീസർ, എറണാകുളം.
ധനകാര്യ വകുപ്പ് **(PU-**ബി**1/41/2022-**ഫിൻ തീയതി **28.12.2023)**
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ